**B**

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**6001**

# വാർഷിക മൂല്യനിർണയം 2017–18

## കല, പ്രവൃത്തി പഠനം, ആരോഗ്യകായിക വിദ്യാഭ്യാസം

**ക്ലാസ്സ് : 6** **സമയം: 2 മണിക്കൂർ**

### *പൊതു നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാ വിദ്യാഭ്യാസം, പ്രവൃത്തിപഠനം, ആരോഗ്യകായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളെ 3 വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
3. കലാ വിദ്യാഭ്യാസത്തിലെ 4 മേഖലകളിൽ ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുത്ത് ഉത്തരം എഴുതേണ്ടതാണ്.
4. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
5. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതമാണ് ലഭിക്കുന്നത്.

## കലാ വിദ്യാഭ്യാസം

**മേഖല – ചിത്രകല**

1. "എന്റെ വിദ്യാലയം" എന്ന ക്ലാസ് പതിപ്പിന്റെ പുറംചട്ട രൂപകൽപ്പന ചെയ്യാൻ ടീച്ചർ ആവശ്യപ്പെട്ടു. എല്ലാവരും ആവേശപൂർവ്വം മത്സരത്തിൽ പങ്കെടുത്തു. ഗ്രാമീണപശ്ചാത്തലത്തിൽ "എന്റെ വിദ്യാലയം" എന്നു മനോഹരമായി എഴുതി ആതിര തയാറാക്കിയ പുറംചട്ടയാണ് ടീച്ചർ തെരെഞ്ഞെടുത്തത്. നിങ്ങളും "എന്റെ വിദ്യാലയം" എന്ന ക്ലാസ് പതിപ്പിന്റെ പുറംചട്ട തയാറാക്കുക?

2. പ്രാഥമിക വർണങ്ങൾ ഏതൊക്കെയെന്ന് നിങ്ങൾക്ക് അറിയാമല്ലോ. താഴെ കൊടുത്തിരിക്കുന്നവയിൽ ദ്വിതീയ വർണം തെരെഞ്ഞെടുത്ത് എഴുതുക.
   (ചുവപ്പ്, മഞ്ഞ, ഓറഞ്ച്, നീല)
3. "ആശയാധിഷ്ഠിതമായ ഹാസ്യാത്മക ചിത്രരചനാ രീതിയാണ് കാർട്ടൂൺ". ഈ പ്രസ്താവന ശരിയോ, തെറ്റോ?
4. താഴെകൊടുത്തിരിക്കുന്നവരിൽ പ്രശസ്തനായ ഇന്ത്യൻ ശില്പി?
   (മമ്മൂട്ടി, സത്യൻ അന്തിക്കാട്, രാം കിങ്കർ ബെയ്ജ്, എസ്.കെ.പൊറ്റക്കാട്)
5. താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മാധ്യമവും പ്രതലവും വേർതിരിച്ചെഴുതുക.

| |
|---|
| **ഭിത്തി, ജലച്ഛായം, ക്രയോൺസ്,** |
| **പേപ്പർ, ക്യാൻവാസ്, ഓയിൽകളർ** |

**മേഖല - സംഗീതം**

1. a. നാടൻ പാട്ടുകളുടെ സവിശേഷതകളിൽ ഒന്നാണ്................................
   (വായ്ത്താരികൾ, സ്വരങ്ങൾ, ജതികൾ, രാഗാലാപനം)
   b. സപ്തസ്വരങ്ങളിലെ 'ധ' എന്ന സ്വരത്തിന്റെ പൂർണ്ണ രൂപം എഴുതുക?
   (നിഷാദം, ഷഡ്ജം, ധൈവതം, പഞ്ചമം)
   c. കർണ്ണാടക സംഗീതക്കച്ചേരികളിൽ ഉപയോഗിക്കുന്ന വാദ്യോപകരണമാണ്........
   (സിത്താർ, ഗിത്താർ, വയലിൻ, വയോള)
2. ഇരയിമ്മൻതമ്പിയുടെ പ്രസിദ്ധമായ താരാട്ട് ഗാനം ഏതാണ്?
3. സാരേ ജഹാംസെ അച്ഛാ എന്ന പ്രസിദ്ധ ദേശഭക്തിഗാനത്തിന്റെ രചയിതാവ് ആര്?
4. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| വീണ | - | സുഷിരവാദ്യം |
| ഉടുക്ക് | - | സോപാനസംഗീതം |
| ഓടക്കുഴൽ | - | നാടൻപാട്ട് വാദ്യോപകരണം |
| ഇടയ്ക്ക | - | തന്ത്രിവാദ്യം |

5 സംഘമായി ഗാനങ്ങൾ ആലപിക്കുമ്പോൾ ആലാപനം മെച്ചപ്പെടുത്താൻ എന്തെല്ലാം തയാറെടുപ്പുകൾ നടത്തേണ്ടതുണ്ട്?


6 മലയാളസിനിമാഗാനശാഖയിലെ മലയാളിയല്ലാത്ത പിന്നണിഗായകരെ ചിത്രങ്ങളിൽ നിന്ന് കണ്ടെത്തുക.


(A)


(B)


(C)


(D)


(E)


(F)


(G)


## മേഖല - നൃത്തം

1. a ) കഥാപാത്ര സ്വഭാവത്തിന് അനുസൃതമായി കഥകളി വേഷങ്ങളെ പ്രധാനമായും അഞ്ചായി തരംതിരിച്ചിരിക്കുന്നു. ഇവയിൽ ഏതെങ്കിലും മൂന്നുവേഷങ്ങളുടെ പേരെഴുതുക?

   b ) കഥകളിയിൽ ഉപയോഗിക്കുന്ന രണ്ട് ആടയാഭരണങ്ങളുടെ പേരെഴുതുക?

2. a ) സംഘമായി അവതരിപ്പിക്കുന്ന രണ്ടു നാടൻ നൃത്ത രൂപങ്ങളുടെ പേരെഴുതുക.

   b ) വിവാഹാഘോഷത്തിന്റെ ഭാഗമായി മുസ്ലീം വീടുകളിൽ അവതരിപ്പിക്കുന്ന നൃത്തരൂപം ഏത്?

   c ) തിരുവാതിരക്കളിയും മാർഗം കളിയും തമ്മിലുള്ള വേഷവിധാനത്തിലെ വ്യത്യാസങ്ങൾ എഴുതുക.

3. ചിത്രത്തിൽ കൊടുത്തിരിക്കുന്ന മുദ്രകളുടെ പ്രയോഗങ്ങൾ തെരഞ്ഞെടുത്ത് ക്രമത്തിൽ എഴുതുക?

| | മുദ്ര | പ്രയോഗം |
|---|---|---|
| a. |  | മാൻ |
| b. |  | പൂമൊട്ട് |
| c. |  | നിശ്ചയമായും |
| d. |  | പാമ്പ് |
| e. |  | ഒന്ന് |

**മേഖല - നാടകം**

**1)**

സിനിമ നിങ്ങൾക്കിഷ്ടമാണല്ലോ. സിനിമയുടെ വിവിധമേഖലകളും അതിൽ പ്രവർത്തിക്കുന്നവരുടെ പേരും ചുവടെ കൊടുത്തിരിക്കുന്നു. ഉചിതമായത് ക്രമപ്പെടുത്തി എഴുതൂ.

| | | | |
|---|---|---|---|
| a. | സിനിമയുടെ രചന നടത്തുന്ന വ്യക്തി | - | ഛായാഗ്രാഹകൻ |
| b. | സിനിമ ചിത്രീകരിക്കുന്ന ആൾ | - | നിർമ്മാതാവ് |
| c. | സിനിമയ്ക്ക് പാട്ടെഴുതുന്ന ആൾ | - | തിരക്കഥാകൃത്ത് |
| d. | സിനിമയ്ക്ക് പണം മുടക്കുന്ന വ്യക്തി | - | സംവിധായകൻ |
| e. | സിനിമ അണിയിച്ചൊരുക്കുന്ന ആൾ | - | ഗാനരചയിതാവ് |

**2)**

മലയാളം അടിസ്ഥാന പാഠാവലിയിൽ പി.വത്സലയുടെ 'തേങ്ങ' എന്ന കഥ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഈ കഥയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട രംഗം തെരെഞ്ഞെടുത്ത് നാടകരൂപമാക്കി എഴുതൂ.

**3)**

നിങ്ങൾ കണ്ട ഏതെങ്കിലും ഒരു സിനിമയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

## പ്രവൃത്തി പഠനം

1. . വള്ളിയായി പടരുന്ന ചെടികളിൽ പുതിയ ചെടികൾ ഉണ്ടാകുന്നതിനുള്ള ശാസ്ത്രീയരീതിയായ ലെയറിംഗ് മുല്ലച്ചെടിയിൽ ഫലപ്രദമായി ചെയ്യാൻ കഴിയുന്നു.
   (ശരി/തെറ്റ്)
2. വീട്ടുപകരണങ്ങൾ, പെൻസിൽ ട്രേ, അച്ചപ്പത്തിനുള്ള അച്ച് എന്നിവ ജി.ഐ. ഷീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നു. ജി.ഐ.യുടെ പൂർണരൂപമെന്ത്?
3. പ്രവൃത്തി പഠനക്ലാസ്സിൽ ആശംസാകാർഡ് നിർമിക്കുന്നതിന് മാർബിളിംഗ് രീതി പരിചയപ്പെടുന്നു. മാർബിളിംഗിന് ഉപയോഗിക്കുന്ന പെയിന്റ് ഏത്?
   (വാട്ടർ കളർ, ഫാബ്രിക് പെയിന്റ്, ഇനാമൽ പെയിന്റ്, മഷി)
4. നിങ്ങൾ നിങ്ങളുടെ പ്രവൃത്തി പഠനക്ലാസ്സിൽ ചെയ്ത പ്രവർത്തനത്തിന്റെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു. അവയുടെ പേരെഴുതുക.

(A)




(B)



(C)



(D)



5. ചുവടെ തന്നിരിക്കുന്നവയിൽ മെറ്റൽഷീറ്റ് കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആറ് ഉപകരണങ്ങൾ എഴുതുക? (സ്പാനർ, സ്റ്റീൽ റൂൾ, സ്ക്രൈബർ, ഹാക്സാഫ്രെയിം, ഹാഫ്റൗണ്ട് ഫയൽ, സെന്റർ പഞ്ച്, മാലറ്റ്, ട്രൈസ്ക്വയർ, പൈപ്പ് റയിഞ്ച്)
6. ജൻമദിനത്തിൽ റീമ മിഠായി വിളമ്പുമ്പോൾ എല്ലാ കണ്ണുകളും അലങ്കാരതുന്നലുള്ള ആ മനോഹരമായ ഉടുപ്പിൽ പതിച്ചു. ആ ഉടുപ്പിൽ ഉണ്ടാകാവുന്ന അലങ്കാരതുന്നലുകളുടെ പേരെഴുതുക?

7. മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് കാരിബാഗ് ഒഴിവാക്കി പരിസ്ഥിതിക്കിണങ്ങിയ പേപ്പർ കാരിബാഗ് നിർമിക്കാനാവശ്യമായ സാധന സാമഗ്രികൾ ലിസ്റ്റ് ചെയ്യുക?

**എട്ട്, ഒൻപത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് മാത്രം ഉത്തരം എഴുതുക.**

8. ഒരു ഗ്രീറ്റിംഗ് കാർഡ് നിർമാണത്തിന്റെ വർക്ക് ഡയറി എഴുതുക

9. ഗ്രാഫ്റ്റിംഗ് ചെയ്യുന്ന രീതി, ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക?

## ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരത്തിന് ഒരു സ്കോർ വീതം.** **(4 X 1 = 4)**

1. ആദ്യത്തെ ഏഷ്യൻ ഗെയിംസ് നടന്ന രാജ്യം ഏത്?
   (പാകിസ്ഥാൻ, ഇന്ത്യ, ചൈന, ജപ്പാൻ)

2. പാരാഗ്ലൈഡിംഗ് മത്സരങ്ങൾ നടത്തുന്നത് ഏത് മേഖലയിലാണ്?
   (കര, ജലം, വായു, ഐസ്)

3. ശരീരത്തിന്റെ ആകൃതിയിൽ മാറ്റമുണ്ടാവുകയും വലിപ്പത്തിലും ഭാരത്തിലും വർദ്ധനവുണ്ടാവുകയും ചെയ്യുന്ന പ്രക്രിയയാണ് ...................................?
   (വികാസം, വളർച്ച, ശക്തി, ആരോഗ്യം)

4. എത്ര വർഷം കൂടുമ്പോഴാണ് ഒളിമ്പിക്സ് മത്സരങ്ങൾ നടത്തുന്നത്?
   (3 വർഷം, 4 വർഷം, 5 വർഷം, 6 വർഷം)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് രണ്ട് സ്കോർ.** **(4 X 2 = 8)**

5. കരയിൽ നടത്തുന്ന നാല് കായികമത്സരങ്ങളുടെ പേര് എഴുതുക?

6. ഒരു ഫുട്ബോൾ കളിക്കാരന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട രണ്ട് സുരക്ഷാ ഉപകരണങ്ങൾ എഴുതുക?

7. വളർച്ച എന്നാലെന്ത്?


8. സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിൽ സ്പോർട്സിനുള്ള പങ്ക് എഴുതുക?

9. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?


**10 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് മൂന്ന് സ്കോർ** **(1 X 3 = 3)**

10. താഴെക്കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഓരോ കായിക ഇനത്തിന്റെ പേരും അത് ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും എഴുതുക?


(A)



(B)



(C)



11. സൈക്കിൾ സവാരിയുടെ ഗുണങ്ങൾ എന്തെല്ലാം?